"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് - കണ്ണൂർ **കല്യാശ്ശേരി പഞ്ചായത്തിലെ കെ.വി. മന്ദിരം സിറാമിക് റോഡ്, ചെറുകുന്ന് പഞ്ചായത്തിലെ വെള്ളറങ്ങൽ നാലൊന്നിൽ റോഡ്, എഴോം ഗ്രാമപഞ്ചായത്തിലെ അടിപ്പാലം ഓണപ്പറമ്പ ചുടലമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.1134/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.03.2025-ലെ LSGD/PD/8357/2025-DB5-നമ്പർ കത്ത്

ഉത്തരവ്

2024-25 ലെ സാമ്പത്തികവർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 757 പ്രകാരം അടങ്കൽ തുക 200 ലക്ഷം രൂപ കണക്കാക്കി, 40 ലക്ഷം രൂപ വകയിരുത്തി കണ്ണൂർ ജില്ല, കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ "കല്യാശ്ശേരി പഞ്ചായത്തിലെ കെ വി മന്ദിരം സിറാമിക് റോഡ്, ചെറുകുന്ന് പഞ്ചായത്തിലെ വെള്ളറങ്ങൽ നാലൊന്നിൽ റോഡ് എഴോം ഗ്രാമപഞ്ചായത്തിലെ അടിപ്പാലം ഓണപ്പറമ്പ ചുടലമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ" എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ ടി പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024 - 2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.757 ആയി 200 ലക്ഷം രൂപയും ആയതിന്റെ 20% തുകയും വകയിരുത്തി ഉൾപ്പെടുത്തിയിരുന്ന **"കല്ല്യാശ്ശേരി പഞ്ചായത്തിലെ കെ വി മന്ദിരം സിറാമിക് റോഡ്, ചെറുകുന്ന് പഞ്ചായത്തിലെ വെള്ളറങ്ങൽ നാലൊന്നിൽ റോഡ്, എഴോം ഗ്രാമപഞ്ചായത്തിലെ അടിപ്പാലം ഓണപ്പറമ്പ ചുടലമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന്** എന്ന പ്രവൃത്തിക്ക്", CTE-യുടെ ചുവടെ പറയുന്ന നിർദേശങ്ങൾ പാലിക്കുന്നതിന് വിധേയമായി, 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും ടി പ്രവൃത്തിക്കാവശ്യമായ ചെലവ് '4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

Remarks

1. The works proposed in the estimate shall satisfy the functional requirements as envisaged.
2. The correctness of the rates adopted for the observed data included in the T.S. estimate if any, shall be ensured by the T.S. authority.
3. The competent authority shall ensure the admissibility of provisions included in the estimate with the site conditions before issuing the

Technical Sanction.

4. The working chainages shall be ensured by the TS authority.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3095280/DEV-3/76/2025-Fin dated 24.04.2025)(AS/LGD/25/42084)

കരുതൽ ഫയൽ.(DB2/222/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 08-05-2025 16:32:33